# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1420 03/05/2017 ൽ മറുപടിയ്ക്ക്**

## ഫയൽ അദാലത്തുകൾ

| ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനായി എത്ര ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുകയുണ്ടായി ; വകുപ്പ് തിരിച്ചുള്ള വിവരം നൽകാമോ ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | മൂന്നു മാസത്തിലൊരിക്കൽ ഫയൽ അദാലത്തുകൾ സംഘടിപ്പിക്കേണ്ടതാണെന്ന നിർദ്ദേശം കർശനമായി പാലിക്കുന്നുണ്ടോ; ഫയൽ അദാലത്തുകൾ നടത്തിയിട്ടില്ലാത്ത ഏതെങ്കിലും വകുപ്പുകളുണ്ടോ എന്ന് അറിയിക്കാമോ ; | (ബി) | മൂന്നു മാസത്തിലൊരിക്കൽ ഫയൽ അദാലത്തുകൾ നടത്തുവാനുള്ള നിർദ്ദേശം എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. സെക്രട്ടറിതലത്തിൽ അവലോകന യോഗങ്ങൾ കൂടാറുണ്ട്. |
| (സി) | മൂന്ന് മാസത്തിലധികമായി ഫയലുകൾ ആരംഭിക്കാതെ കെട്ടിക്കിടക്കുന്ന തപാലുകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | (സി) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ പ്രതിമാസ പ്രവർത്തനപത്രിക അനുസരിച്ച് തൻമാസം ലഭ്യമാകുന്ന തപാലുകളിൽ 88% ത്തിലും തൻമാസത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശം എന്നിവ നിർബന്ധമായും പാലിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ